# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 190 18.03.2015–ലെ മറുപടിക്ക്

## വിഭവസമാഹരണ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. സി. മമ്മൂട്ടി
ശ്രീ. എൻ. ഷംസുദ്ദീൻ

ഉത്തരം

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി പ്രത്യേക വിഭവസമാഹരണ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ; | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സുസ്ഥിരമായ വളർച്ച ഉറപ്പാക്കുന്നതിനും മതിയായ നിക്ഷേപം സമാഹരിക്കുന്നതിനും ധനവിപണിയിൽ നിന്നും ഫണ്ട് സമാഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് പഠിക്കുവാൻ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ശ്രീ. കെ.എം. ചന്ദ്രശേഖർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.12.2014 ലെ സ.ഉ. (പി) നം. 583/2014/ധന പ്രകാരം സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളെ അടിയന്തിര, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ തരം തിരിച്ചുകൊണ്ട് വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. അടിയന്തരാവശ്യങ്ങൾ നേരിടുന്നതിന്റെ ഭാഗമായി ഗവ. കോൺട്രാക്ടർമാർക്ക് വിവിധ മരാമത്ത് പണികളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി സംസ്ഥാനത്തെ ബാങ്കുകളുമായി സഹകരിച്ചുകൊണ്ട് ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. ഇടക്കാല ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്നിവ പോലെയുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ വഴി സർക്കാർ ഗ്യാരന്റിയോടുകൂടിയുള്ള ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകളും റവന്യൂ ബോണ്ടുകളും വഴി ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നു. ദീർഘകാല ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് KIIFB –യെ സ്പോൺസറാക്കിക്കൊണ്ട് ഒരു ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് കാറ്റഗറി 1 രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയ്ക്ക് നേതൃത്വം നൽകുന്നതിനായി ധനകാര്യമന്ത്രി അദ്ധ്യക്ഷനായ |

| | | |
|---|---|---|
| | | ഒരു എമ്പവേർഡ് ക്യാബിനറ്റ് സബ്കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഇംപ്ളിമെന്റേഷൻ ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | അടിയന്തരാവശ്യങ്ങൾ ഇടക്കാലാവശ്യങ്ങൾ, ദീർഘകാല ആവശ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ രീതിയിലുള്ള വിഭവസമാഹരണം ഉപയോഗപ്പെടുത്തി ഏറ്റെടുത്തു നടപ്പാക്കേണ്ട പദ്ധതികൾ വേർതിരിച്ചു തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ; | സംസ്ഥാനത്തെ സർക്കാർ കോൺട്രാക്ടർമാർക്ക് വിവിധ മരാമത്ത് പണികളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക തുക നൽകുന്നത് അടിയന്തരാവശ്യങ്ങളിൽ ഉൾപ്പെടുത്തി 12.01.2015 ലെ സ. ഉ. (പി) നം. 13/2015/ധന, 25.02.2015 ലെ സ. ഉ. (പി) നം. 97/2015/ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ബാങ്കുകളുമായി സഹകരിച്ചുകൊണ്ട് ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.<br>എമ്പവേർഡ് ക്യാബിനറ്റ് സബ്കമ്മിറ്റിയുടെയും ഇംപ്ളിമെന്റേഷൻ ഗ്രൂപ്പിന്റേയും പ്രവർത്തനം സജീവമാക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന പദ്ധതികളെ ഇടക്കാലാവശ്യങ്ങൾ, ദീർഘകാല ആവശ്യങ്ങൾ എന്നീ അടിസ്ഥാനത്തിൽ വേർതിരിക്കുന്നതായിരിക്കും |
| (സി) | ഈ പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താൻ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ, ഉണ്ടാക്കാനാവുന്ന നേട്ടങ്ങൾ എന്നിവ വിലയിരുത്തി ഓരോ പദ്ധതിക്കും അനുമതി നല്കാനും നിർവ്വഹണം നിരീക്ഷിക്കാനുമുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ ? | പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താൻ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ, ഉണ്ടാക്കാനാവുന്ന നേട്ടങ്ങൾ എന്നിവ വിലയിരുത്തി ഓരോ പദ്ധതിക്കും അനുമതി നല്കാനും നിർവ്വഹണം നിരീക്ഷിക്കാനുമായി ധനമന്ത്രി അദ്ധ്യക്ഷനായ ഒരു എമ്പവേർഡ് ക്യാബിനറ്റ് സബ്കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഇംപ്ളിമെന്റേഷൻ ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഭരണപരമായ കാര്യ നിർവ്വഹണത്തിന് KIIFB -യുടെ കീഴിൽ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ യൂണിറ്റ് സൃഷ്ടിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ